**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2111** **26-10-2026-ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമാണ പെർമിറ്റ് ഫീസ് അധികമായി ഒടുക്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ 10.04.2023 മുതൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന നിരക്ക് പ്രകാരം ഒടുക്കിയവർക്ക് അധികമായി ഒടുക്കിയ തുക തിരികെ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 03.07.2025 -തീയതിയിലെ സ.ഉ. (സാധാ )നം .1653/25/എൽ.എസ്.ജി.ഡി. ഉത്തരവനുസരിച്ച് ഫീസ് തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ നൽകുന്നതിനുള്ള കാലാവധി 30.09.2025 ആയി നിജപ്പെടുത്തിയിരുന്നു. എന്നാൽ അസുഖങ്ങളാലും മറ്റു കാരണങ്ങളാലും പലർക്കും അപേക്ഷ നൽകാൻ സാധിച്ചിട്ടില്ലെന്നത് പരിഗണിച്ചു ഒരു തവണ കൂടി അപേക്ഷ നൽകുന്ന തീയതി നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**മറുപടി:** കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം 10/04/2023 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്കിൽ തദ്ദേശ സ്ഥാപനങ്ങളിൽ അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഒടുക്കിയവർക്ക്, അധികം ഈടാക്കിയ തുക തിരികെ ലഭിക്കുന്നതിന് അപേക്ഷ നൽകുന്നതിനുള്ള കാലയളവ് 31/12/2026 വരെ ദീർഘിപ്പിച്ചുകൊണ്ടും ലഭ്യമാകുന്ന എല്ലാ അപേക്ഷകളിലും അർഹമായ റീഫണ്ട് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയും 23.10.2026-ലെ സ.ഉ.(സാധാ)നം. 1980/2026/എൽഎസ്ജിഡി പ്രകാരം ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**